# 'ദൈവഹിതം തിരയുക'

## സദൃശ്യവാക്യങ്ങൾ 16:9

"മനുഷ്യന്റെ ഹൃദയം തന്റെ വഴിയെ നിരൂപിക്കുന്നു; അവന്റെ കാലടികളെയോ യഹോവ ക്രമപ്പെടുത്തുന്നു"

"നാമെല്ലാവരും ദിനം പ്രതി വളരെയധികം കാര്യങ്ങൾ, അത് കുടുംബത്തിന്റേതാകട്ടെ, ജോലിയോടുള്ള ബന്ധത്തിലാകട്ടെ അതുമല്ലെങ്കിൽ പൊതുസമൂഹത്തിലുള്ള കാര്യമാകട്ടെ, ആസൂത്രണം ചെയ്യുന്നവരാണ്. എന്നാൽ നാം തയ്യാറാക്കിയ പ്രകാരം നമ്മുടെ പദ്ധതികൾ മുമ്പോട്ട് പോയില്ല എങ്കിൽ നാം അതിൽ വളരെയധികം നിരാശരായി മാറും. കാരണം ആ പദ്ധതി നാം ആശിച്ച പ്രകാരം നിറവേറിയില്ല. ഇവിടെയാണ് ഒരു ദൈവപൈതൽ മറ്റുള്ളവരിൽ നിന്നു വ്യത്യസ്ഥനാകുന്നത്. ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിലെ എല്ലാ പദ്ധതികളും അവൻ യഹോവയെ ഭരമേൽപ്പിക്കുകയാണ് ചെയ്യുന്നത്. അതിപ്പോൾ അവനു ഒരു കാര്യത്തിന്മേൽ തന്റേതായ ആഗ്രഹമുണ്ടെങ്കിലും അവൻ അതു ദൈവഹിതത്തിനായി കൊടുക്കുന്നു. അതിനാൽ അതിന്റെ പരിണിതഫലം എന്തു തന്നെയായാലും അവൻ അതിൽ സന്തുഷ്ടനായിരിക്കും. കാരണം അവനറിയാം ദൈവം ഒരു നാളും തന്നെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്രകാരം വിളിച്ചവർക്കു തന്നെ ഒരു നന്മയ്ക്കും കുറവു വരുത്തുകയില്ല എന്ന്. ദൈവഹിതവും ദൈവവഴിയും മാത്രമാണ് പൂർണ്ണമായത് എന്നുള്ള ഒരു തിരിച്ചറിവ് ഓരോ ദൈവപൈതലിനും ഉണ്ടായിരിക്കണം.

സങ്കീർത്തനങ്ങൾ 37:23ൽ ഇപ്രകാരം പറയുന്നു "ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു."

ഒരിക്കൽ ഒരു ഭാര്യയും ഭർത്താവും ഒരു ഭവനം വാങ്ങുവാൻ പോയി. ഭാര്യയുടെ ഒരുപാടു നാളത്തെ ആഗ്രഹപ്രകാരം അവർക്ക് ഏറ്റവും ഇഷ്ടപ്പെട്ടതും അനുയോജ്യമായ തരത്തിലുള്ളതുമായ ഒരു വീട്. വാക്കെല്ലാം പറഞ്ഞ് ഉറപ്പിച്ചു എന്നാൽ അത് നിയമപ്രകാരം അവരുടെ പേരിലേക്ക് മാറ്റുവാനുള്ള ദിവസങ്ങൾ അടുത്തുവന്നപ്പോൾ വിൽപ്പനക്കാരന്റെ ഒരു ബന്ധുവിന് ആ വീട് വിൽക്കാൻ താത്പര്യമില്ല മറിച്ച് അദ്ദേഹം അവിടെ താമസമാക്കാൻ പോവുകയാണ് എന്നറിയിപ്പു കിട്ടി. ഇത് വീട് വാങ്ങുവാനിരുന്ന ദമ്പതികളിൽ ഭാര്യയെ വല്ലാതെ വിഷമത്തിലാക്കി. കാരണം അവരുടെ ഒരുപാടുനാളത്തെ ആഗ്രഹം സഫലമാകുവാൻ അൽപ്പദിവസം മാത്രം ബാക്കി നിൽക്കേ അതു മാറിപ്പോവുക അവരെ സംബന്ധിച്ചിടത്തോളം വളരെ വേദനയുളവാക്കുന്നതായിരുന്നു. എങ്കിലും തന്റെ

ഭർത്താവ് ഇത് ദൈവഹിതം ആയിരിക്കും എന്നു പറഞ്ഞ് അവരെ സമാധാനിപ്പിച്ചു. കുറച്ചു ദിവസം കഴിഞ്ഞു അവർക്കറിയാൻ സാധിച്ചൂ അവർ വാങ്ങുവാനിരുന്ന ഭവനം അതിന്റെ അടിത്തറ ഇളകി സുരക്ഷിതമല്ലാത്തതു കൊണ്ട് പൊളിച്ച് പണിയാൻ സർക്കാർ ഉത്തരവ് വന്നിരിക്കുന്നു എന്ന്. ഇത് കേട്ടപ്പോൾ ആ ഭാര്യ ദൈവത്തെ അധികമായി സ്തുതിച്ച് തന്റെ തെറ്റിനു മാപ്പപേക്ഷിച്ചു. കാരണം തന്റെ പദ്ധതിയിൻ പ്രകാരം ആ ഭവനം വാങ്ങുവാൻ സാധിക്കാത്തതിൽ വളരെ ദു:ിതയായിരുന്ന അവർ ദൈവഹിതം എന്തെന്നു അറിയാൻ ശ്രമിച്ചതേയില്ല. എന്നാൽ ദൈവമായിട്ട് അതു മനസ്സിലാക്കിക്കോടുത്തപ്പോൾ അവർക്ക് ദൈവത്തെ സ്തുതിക്കതിരിക്കാൻ സാധിച്ചില്ല എന്നു മാത്രമല്ല പിന്നീട് എന്തു ചെറിയ കാര്യമായാലും അത് ദൈവഹിതം അറിഞ്ഞ് മുമ്പോട്ട് പോകുവാൻ അവർ ശ്രദ്ധിച്ചു.

സങ്കീർത്തനങ്ങൾ 138:8ൽ പറയുന്നു “യഹോവ എനിക്കു വേണ്ടി സമാപ്തിവരുത്തും; യഹോവേ, നിന്റെ ദയ എന്നേക്കുമുള്ളതു; തൃക്കൈകളുടെ പ്രവൃത്തിയെ ഉപേക്ഷിക്കരുതേ.” യഹോവയെ നാം വിളിച്ചപേക്ഷിക്കുമ്പോൾ നമുടെ ആവശ്യങ്ങെളെല്ലാം അവൻ അവന്റെ ഹിതപ്രകാരം നിവൃത്തി വരുത്തും. പക്ഷെ നമ്മെ തന്നെ അവനിൽ പൂർണ്ണമായി സമർപ്പിക്കുവാനുള്ള ഒരു മനസ്സുണ്ടാവണം. അങ്ങനെയെങ്കിൽ ഇന്നു ജീവിതത്തിൽ നിവൃത്തിയാവാതെ പോയ, നാം ആസൂത്രണം ചെയ്ത പദ്ധതികളെയോർത്ത് ദു:ഖിതരായിരിക്കാതെ നിന്റെ പദ്ധതികളെയെല്ലാം ദൈവകരത്തിൽ ഏൽപ്പിക്കുക. അവൻ അത് അവന്റെ ഹിതപ്രകാരം നിനക്കു നിവൃത്തിച്ചു തരും. അതു അവന്റെ സമയത്തു മാത്രമായിരിക്കും. അതിന്നായി കാത്തിരിക്കുവാനുള്ള മനസ്സൊരുക്കത്തിനായി നമുക്ക് പ്രാർഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 37:5

“നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്ക; അവനിൽ തന്നെ ആശ്രയിക്കുക; അവൻ അതു നിർവ്വഹിക്കും.”

ബ്രദർ. ബിനു ബേബി ആലപ്പുഴ 069